## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 525 08/08/2017 ൽ മറുപടിക്ക്**

## ജി.എസ്.ടി മൂലം ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

**ചോദ്യം**

ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ആർ. രാമചന്ദ്രൻ
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ. മുഹമ്മദ് മുഹസിൻ പി

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ജി.എസ്.ടി നിലവിൽ വന്നത് ചെറുകിട വ്യവസായമേഖലയെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | എ) | ജി.എസ്.ടി നിയമ പ്രകാരം രജിസ്ട്രേഷൻ എടുക്കേണ്ടുന്ന മിനിമം വിറ്റുവരവ് 20 ലക്ഷം രൂപയാണ്. 75 ലക്ഷത്തിന് താഴെ വാർഷിക വിറ്റുവരവുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 10(2)ൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി വകുപ്പ് (10) പ്രകാരം കോമ്പസിഷൻ സ്കീം തിരഞ്ഞെടുത്ത് കുറഞ്ഞ നിരക്കിൽ നികുതി ഒടുക്കിയാൽ മതിയാകുന്നതാണ്. |
| ബി) | എന്ത് തുക മുതൽ വാർഷിക വിറ്റുവരവുള്ള സ്ഥാപനങ്ങളെയാണ് ജി.എസ്.ടിയിൽ ഉൾപ്പെടുത്തുന്നതെന്നും അതിന് ഏത് നിരക്കിലുള്ള നികുതിയാണ് ഏർപ്പെടുത്തുന്നതെന്നും വ്യക്തമാക്കുമോ; | ബി) | 20 ലക്ഷം രൂപ വാർഷിക വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളും കൂടാതെ ഈ നിയമത്തിന്റെ വകുപ്പ് 24 -ൽ പറയുന്ന 12 വിഭാഗക്കാർ കൂടി വിറ്റുവരവ് പരിധി കണക്കിലെടുക്കാതെ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. (പട്ടിക അനുബന്ധമായി ചേർക്കുന്നു) ഉല്പന്നത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിരക്കുകൾ 0%, 5%,12%, 18%, 28% എന്നിങ്ങനെ നിജപ്പെടുത്തിയിരിക്കുന്നു |
| സി) | ജി.എസ്.ടി മൂലം ചെറുകിട വ്യവസായങ്ങൾ പ്രതിസന്ധിയിൽ ആകാതിരിക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ | സി) | ജി.എസ്.ടി നികുതി സമ്പ്രദായം മൂലം ചെറുകിട വ്യവസായങ്ങൾ പ്രതിസന്ധിയിലാകുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനം കാണുന്നില്ല. |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ; | | |
| ഡി) | ജി.എസ്.ടി മൂലമുണ്ടാകുന്ന വിലക്കയറ്റം ഒഴിവാക്കുന്നതിനായി ഉൽപ്പന്നങ്ങളുടെ MRP വില കുറയ്ക്കുന്നതിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുമോ എന്നറിയിക്കാമോ ? | ഡി | ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**ജിഎസ്.ടി നിയമത്തിലെ വകുപ്പ് 24 പ്രകാരം രജിസ്ട്രേഷൻ എടുക്കേണ്ട വിഭാഗത്തിന്റെ പട്ടിക**

1. നികുതി വിധേയമായ ഇടപാടുകൾ നടത്തുന്ന അന്തർസംസ്ഥാന വിതരണക്കാർ
2. താത്കാലിക വ്യാപാരികൾ
3. വാങ്ങൽ നികുതി അടയ്ക്കാൻ ബാധ്യതയുള്ളവർ
4. വകുപ്പ് 9-ലെ ഉപ വകുപ്പ് 5 പ്രകാരം നികുതി വിധേയമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ചരക്ക് സേവനങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ വിതരണം നടത്തുന്നവർ
5. ഇന്ത്യയിൽ താമസക്കാരല്ലാത്ത വ്യാപാരികൾ
6. വകുപ്പ് 51 പ്രകാരം സ്രോതസ്സിൽ നികുതി കുറവ് ചെയ്യുന്നവർ
7. ഏജന്റുമാർ
8. ഇൻപുട്ട് സർവീസ് ഡിസ്ട്രിബ്യൂട്ടർമാർ
9. 52-ാം വകുപ്പ് പ്രകാരം നികുതി പിരിക്കേണ്ടവർ
10. ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ
11. ഇന്ത്യക്ക് പുറത്ത് നിന്നും ഇന്ത്യയിലുള്ള വ്യക്തിക്കായി ഓൺലൈൻ വിവരങ്ങളും മറ്റു സേവനങ്ങളും ലഭ്യമാക്കുന്ന ഓരോ വ്യക്തിയും
12. കൗൺസിലിന്റെ ശുപാർശ പ്രകാരം കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ വിജ്ഞാപനപ്പെടുത്തുന്ന വ്യക്തികളോ വിഭാഗങ്ങളോ.

**സെക്ഷൻ ഓഫീസർ**